ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): 1986-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാനിതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സായി.

5. 1986-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും

രണ്ടും മൂന്നും വകുപ്പുകളും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): 1986-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാനിതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പാസ്സായി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 'ഓർഡർ, ഓർഡർ. സഭ ഇപ്പോഴത്തെ പിരിയുന്നതും ഇന്നു തന്നെ വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.25–ന് സഭ പിരിഞ്ഞു.)

(നിയമസഭ വൈകുന്നേരം 4 മണിക്ക് വീണ്ടും മി. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ സമ്മേളിച്ചു.)

നിയമനിർമ്മാണകാര്യം—(തുടർച്ച)

(1) 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടും മൂന്നും നാലും വകുപ്പുകൾ

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങളിൽ വളരെയേറെ തെറ്റിദ്ധാരണ വർദ്ധിപ്പിക്കുന്ന രീതിയിൽ പത്രങ്ങളിലും ആൾ ഇൻഡ്യാ റേഡിയോയിലും പ്രസിദ്ധീ

LIBRARY ARCHIVES Kerala Legislative Assembly